# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 138 09.06.2014 ൽ മറുപടിക്ക്

### ആറന്മുള വിമാനത്താവള പദ്ധതിയും ഗ്രീൻ ട്രൈബ്യൂണൽ വിധിയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാത്യു റ്റി. തോമസ്:<br>" സി.കെ. നാണു:<br>" ജോസ് തെറ്റയിൽ:<br>ശ്രീമതി ജമീലാ പ്രകാശം: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവള പദ്ധതി സംബന്ധിച്ച് ഗ്രീൻട്രൈബ്യൂണൽ വിധിയോടുള്ള സർക്കാർ സമീപനം എന്താണ്; | (എ) | പാരിസ്ഥിതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ യഥാവിധി പാലിച്ചിട്ടില്ല എന്ന ഗ്രീൻ ട്രൈബ്യൂണലിന്റെ വിധി സംസ്ഥാന സർക്കാരിനെ ബാധിക്കുന്ന കാര്യമല്ല. |
| (ബി) | വിമാനത്താവള പദ്ധതിയുടെ 10 ശതമാനം ഓഹരി എടുക്കുവാനുള്ള തീരുമാനം ഹരിത ട്രൈബ്യൂണൽ വിധിയുടെ പശ്ചാത്തലത്തിൽ പുനഃപരിശോധിക്കുമോ; | (ബി) | കോടതി വിധി പരിശോധിച്ച ശേഷമേ തീരുമാനമെടുക്കുവാൻ സാധിക്കൂ. |
| (സി) | സർക്കാർവക തോടും പുറമ്പോക്കും വിമാനത്താവള കമ്പനി അനധികൃതമായി കൈയ്യേറി എന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിൻമേൽ ഇതിനോടകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | നിർദ്ദിഷ്ട ആറന്മുള വിമാനത്താവള പ്രദേശത്ത് സർക്കാർ തോടും പുറമ്പോക്കും കൈയ്യേറിയതിന് ടി ഭൂമിയുടെ മുൻ ഉടമയ്ക്കെതിരെ കേരള ഭൂ സംരക്ഷണ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | നിയമസഭാ പരിസ്ഥിതി കമ്മിറ്റി വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള റിപ്പോർട്ടുകളിൽ ഏതൊക്കെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്; | (ഡി) | സമിതിയുടെ മുമ്പാകെ സമർപ്പിച്ച ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | കെ.ജി.എസ്.ഗ്രൂപ്പ് ഏതെല്ലാം നിയമങ്ങൾ ലംഘിച്ചിട്ടുള്ളതായി നിയമസഭാ കമ്മിറ്റിയും ജില്ലാ കളക്ടറും ചൂണ്ടിക്കാണിച്ചിട്ടുണ്ട്; | (ഇ) | കേരള ഭൂപരിഷ്കരണ നിയമപ്രകാരം കെ.ജി.എസ് ഗ്രൂപ്പിനെതിരെ കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് SM 01/12-ാം നമ്പരായി മിച്ച ഭൂമി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.<br>പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട് 2008 ലെ നെൽപ്പാട സംരക്ഷണ നിയമം, 2010 ലെ കേന്ദ്ര നീർത്തട സംരക്ഷണ ചട്ടങ്ങൾ, 2006 ലെ പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനം എന്നിവ ലംഘിക്കപ്പെട്ടതായി പരാമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയിൽ പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനം ഒഴികെയുള്ളവയുടെ ലംഘനം കെ.ജി.എസ് ഗ്രൂപ്പു തന്നെയാണ് ചെയ്തിട്ടുള്ളത് എന്ന് തെളിയിക്കപ്പെട്ടിട്ടില്ല. നികത്തിയ നിലമാണ് വാങ്ങിയത് എന്നാണ് കെ.ജി.എസ് ഗ്രൂപ്പ് അറിയിച്ചിട്ടുള്ളത്. |
| (എഫ്) | നിയമ ലംഘനം നടത്തിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (എഫ്) | കേരള ഭൂപരിഷ്കരണനിയമ പ്രകാരം കെ.ജി..എസ് ഗ്രൂപ്പിനെതിരെ കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് SM 01/12-ാം നമ്പരായി മിച്ചഭൂമി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 10/04/2013 ൽ മിച്ചഭൂമി ഏറ്റെടുക്കുവാൻ ഉത്തരവായിരുന്നതുമാണ്. ബഹു. കേരളാ ഹൈക്കോടതിയുടെ CRP(LR)155/14 നമ്പർ 27.11.2013 ലെ വിധി പ്രകാരം കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡിന്റെ 10.04.2013 ലെ SM 01/12 ഉത്തരവ് റദ്ദാക്കിയിട്ടുള്ളതും ടി മിച്ചഭൂമികേസ് പുനഃപരിശോധിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപന ലംഘനം കണക്കിലെടുത്ത് പദ്ധതിക്ക് നല്കിയ പാരിസ്ഥിതികാനുമതി നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ റദ്ദാക്കുകയും പദ്ധതി പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| | | നടത്തുന്നതിൽ നിന്ന് KGS കമ്പനിയെ വിലക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്